9. ഭൂഗർഭജല സംരക്ഷണം
10. ആലങ്കാരിക സസ്യകൃഷി ആവശ്യങ്ങൾ
11. പാഴ്ഭൂമികളുടെ വികസനം
12. മാലിന്യ സംസ്കരണം
13. ചെക്ക് ഡാമുകൾ
14. കടലോരങ്ങളുടെ സംരക്ഷണം
15. സിൽറ്റ് ഫെൻസിങ്ങ്
16. ലാന്റ് സ്കേപ്പിംഗ്
17. കളിക്കളങ്ങളുടെ ഉറപ്പിക്കൽ (ട്രാക്ക് സ്റ്റെബിലൈസേഷൻ)
18. ശബ്ദ നിയന്ത്രണം (സൗണ്ട് ബാരിയേഴ്സ്)
19. കൃഷി ആവശ്യങ്ങൾക്ക്
20. വന പുനഃനിർമ്മാണം
21. സങ്കീർണ്ണ മേഖലകളിലെ കൃഷി

(സി) ത്രിതല പഞ്ചായത്തിൽ ജിയോ ടെക്സ്റ്റയിൽസ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികളുടെ ഭാഗമായി കയർ ജിയോടെക്സ്റ്റയിൽസിന്റെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ വിവരിക്കുന്ന ലഘുലേഖയും, പഞ്ചായത്തുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള പദ്ധതി വിവരങ്ങളും ത്രിതല പഞ്ചായത്തുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിന് കയർഫെഡിലും, സംസ്ഥാന കയർ കോർപ്പറേഷനിലും ഓരോ ജിയോ ടെക്സ്റ്റയിൽ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ പരിശോധിച്ച് തെരഞ്ഞെടുക്കുന്നതിനും അത് നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും മേൽനോട്ടവും നൽകുന്നതിനും ഒരു വിദഗ്ദ്ധ സമിതിക്ക് സർക്കാർ രൂപം നൽകിക്കഴിഞ്ഞു. കയർ ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗത്തെക്കുറിച്ച് വിശദീകരിക്കാൻ ബ്ലോക്ക്, സംസ്ഥാനതല സെമിനാർ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപ്പു സാമ്പത്തിക വർഷം (2000-2001) ഭൂവസ്ത്രവർഷമായി ആചരിച്ചുകൊണ്ട് വിവിധ കയർ ജിയോടെക്സ്റ്റയിൽസ് വികസന പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 865 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഭൂവസ്ത്രവർഷാചരണത്തിന്റെ ഭാഗമായി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.†

39 (563) കയർ കോർപ്പറേഷനെ അപ്പെക്സ് സൊസൈറ്റിയാക്കാൻ നടപടി

<u>ശ്രീമതി റോസമ്മ ചാക്കോ</u> :

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന കയർ കോർപ്പറേഷനെ ഒരു അപ്പെക്സ് സൊസൈറ്റി ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഇപ്പോൾ കയർ കോർപ്പറേഷന്റെ ബാദ്ധ്യതകൾ എന്തെല്ലാമാണ്;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കയർ കോർപ്പറേഷൻ എന്തു തുകയ്ക്കുള്ള ഡിസ്ട്രസ് പർച്ചേസ് നടത്തിയിട്ടുണ്ട്;

(ഇ) ഡിസ്ട്രസ് പർച്ചേസ് നടത്തിയ എന്തു തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിയാതെ കിടപ്പുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിച്ചുവരുകയാണ്.

(സി) 31-3-2000-ലെ കണക്കിൻപ്രകാരം (താൽക്കാലികം) 391.67 ലക്ഷം രൂപ ബാദ്ധ്യതയുണ്ട്. അതായത് സർക്കാരിന് ലോൺ ഇനത്തിൽ പലിശ ഉൾപ്പെടെ 225.31 ലക്ഷം രൂപയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 104.86 ലക്ഷം രൂപയും, ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ 61.70 ലക്ഷം രൂപയും ബാദ്ധ്യതയുണ്ട്.

(ഡി) 402.76 ലക്ഷം രൂപയ്ക്കുള്ള ഡിസ്ട്രസ് പർച്ചേസ് നടത്തിയിട്ടുണ്ട്.

(ഇ) 44.62 ലക്ഷം രൂപയ്ക്കുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിയാതെ കിടപ്പുണ്ട്.

40 (564) കയർഫെഡിൽ നടന്ന നിയമനങ്ങൾ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ എം.ഡി. യും ചെയർമാനും ചാർജ്ജ് എടുത്ത ശേഷം കയർഫെഡിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഈ നിയമനങ്ങൾ നടത്തിയ രീതി എന്താണ്;

(സി) ആരെയൊക്കെയാണ് ഈ കാലയളവിൽ നിയമിച്ചത്;

(ഡി) ഈ കാലയളവിൽ കയർഫെഡിൽ ഒരു പർച്ചേസ് മാനേജരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമിക്കപ്പെട്ട ആൾ ആരാണ്;

(ഇ) ഈ നിയമനം നടത്തുന്നതിന് പത്രപരസ്യം നൽകിയോ;

(എഫ്) എങ്കിൽ ഏതെല്ലാം പത്രങ്ങളിൽ പരസ്യം നൽകി;

(ജി) എത്രപേർ ഈ പോസ്റ്റിന് അപേക്ഷിച്ചു;

(എച്ച്) ഈ പോസ്റ്റിലേക്ക് നിയമനം നടത്തുന്നതിന് എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും ഉണ്ടായിരുന്നുവോ?

ഉത്തരം

(എ) ഇപ്പോഴത്തെ എം.ഡി. യും ചെയർമാനും ചാർജ് എടുത്ത ശേഷം കയർഫെഡിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഫൈനാൻസ് മാനേജർ, ബിസിനസ് മാനേജർ, പ്ലാനിംഗ് ഓഫീസർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly